**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1020** **02-02-2026 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ വന്യമൃഗശല്യം നിയന്ത്രിക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ മഞ്ചേരി നിയോജക മണ്ഡലത്തിൽ പ്രത്യേകിച്ച് ഇടപ്പറ്റ പഞ്ചായത്തിൽ വന്യമൃഗശല്യം നേരിടുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങളിൽ ലാൻഡ്സ്കേപ്പ് തലത്തിൽ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ ലാൻഡ്സ്കേപ്പ്തല മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളതാണ്. മഞ്ചേരി നിയോജകമണ്ഡലത്തിൽ വരുന്ന പ്രദേശങ്ങൾ നിലമ്പൂർ ലാൻഡ്സ്കേപ്പിലാണ് ഉൾപ്പെടുന്നത്. ടി ലാൻഡ്സ്കേപ്പിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ പ്രാദേശികമായ പ്രത്യേകതകൾ അനുസരിച്ചുള്ള മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്. മഞ്ചേരി നിയോജകമണ്ഡലത്തിനു കീഴിൽ വരുന്ന പ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി ആർ.ആർ.ടി.യെ നിയോഗിച്ചിട്ടുള്ളതും സംഘർഷങ്ങൾ റിപ്പോർട്ട് ചെയ്യുന്നവേളകളിൽ സത്വര ഇടപെടൽ നടത്തിവരുന്നതുമാണ്.<br>ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി നടത്തിയ തീവ്രയജ്ഞ പരിപാടിയിൽ ഇടപ്പറ്റ പഞ്ചായത്തും ഉൾപ്പെട്ടിട്ടുള്ളതാണ്. ടി പഞ്ചായത്തിൽ ഒരുക്കിയ ഹെൽപ്ഡെസ്ക് വഴി ലഭിച്ചിട്ടുള്ള പരാതികളിൽ പ്രാദേശികാടിസ്ഥാനത്തിൽ തീർപ്പാക്കാനാവുന്നവയിൽ ഇതിനകം പരിഹാരം കണ്ടെത്തിയിട്ടുള്ളതാണ്. ഇടപ്പറ്റ ഗ്രാമപഞ്ചായത്തിലെ വനാതിർത്തി പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം നിരീക്ഷിക്കുന്നതിനും സത്വര ഇടപെടലുകൾക്കുമായി രണ്ട് വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. ടി പഞ്ചായത്തിലെ പറയന്നേട് ഭാഗത്ത് 500 മീറ്റർ സൌരോർജ്ജവേലി സ്ഥാപിച്ചിട്ടുണ്ട്.<br><br>മഞ്ചേരി നിയമസഭാ മണ്ഡലത്തിൽ മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകളോടൊപ്പം ഇടപ്പറ്റ പഞ്ചായത്തിലും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നിരീക്ഷിച്ച് വിലയിരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഉപദേശം നൽകുന്നതിനുമായി ജനജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി രൂപകല്പന ചെയ്തിട്ടുള്ള പ്രത്യേക മിഷനുകളിൽ ഒന്നായ മിഷൻ പ്രൈമറി റെസ്പോൺസ് ടിം പ്രകാരം ഇടപ്പറ്റ ഗ്രാമ പഞ്ചായത്തിൽ പ്രൈമറി റെസ്പോൺസ് ടീം രൂപീകരിക്കുകയും അതിലെ വോളന്റീയർമാർക്ക് പരിശീലനം നൽകിയട്ടുള്ളതുമാണ്. ഇത് കൂടാതെ മിഷൻ വൈൽഡ് പിഗ് ഉൾപ്പെടെയുള്ള മറ്റ മിഷനുകളുടെ ഭാഗമായ പ്രവർത്തനങ്ങളും ടി പ്രദേശത്ത് നടത്തിവരുന്നുണ്ട്. |
| (ബി) | പൊതുജനങ്ങൾക്കും കൃഷിക്കും നാശനഷ്ടം വരാത്ത രീതിയിൽ വന്യമൃഗശല്യം പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി 23/02//2025 ലെ സ.ഉ. (കൈ) നം. 8/2025/വനം പ്രകാരം രൂപീകരിച്ചിട്ടുള്ള പത്ത് മിഷനുകൾക്ക് പുറമേ 03/01/2026 ലെ സ.ഉ. (കൈ) നം. 1/2026/വനം പ്രകാരം രണ്ട് മിഷനുകൾ കൂടി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ ''മിഷൻ കൃഷി പുനരുജ്ജീവനവും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണവും' എന്ന പുതിയ മിഷൻ വന്യമൃഗങ്ങളെ ആകർഷിക്കാത്തതും കർഷകർക്ക് മെച്ചപ്പെട്ട വിളവും വരുമാനവും പ്രദാനം ചെയ്യുന്നതുമായ വിളകളും കാർഷികരീതികളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി രൂപകലന ചെയ്തിട്ടുള്ളതാണ്. മിഷൻ പ്രൈമറി റെസ്പോൺസ് ടിം മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന് ദ്രുതഗതിയിൽ ഇടപെടുന്നതിനായി പ്രദേശ- വാസികളുടെ സന്നദ്ധ സംഘത്തെ രൂപീകരിച്ച് പ്രവർത്തിക്കുന്നതാണ്. മിഷൻ വൈൽഡ് പിഗ്, ജനവാസമേഖലയിൽ മനുഷ്യരുടെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ പഞ്ചായത്ത് അധികൃതർക്ക് നൽകിയിട്ടുള്ള അധികാരം ഉപയോഗിച്ച് കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് സഹായകരമായി രൂപപ്പെടുത്തിയിട്ടുള്ളതാണ്. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളെ ലാൻഡ്സ്കേപ്പുകളിലായി തിരിച്ചുകൊണ്ട് ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ/നിവാരണ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് പൊതുജനങ്ങൾക്കും കൃഷിക്കും നാശനഷ്ടം വരാത്ത രീതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വന്യമൃഗ ഉപദ്രവങ്ങളിൽ നിന്നും പൊതുജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി യോജിച്ച് വനം വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ മനുഷ്യവന്യ-ജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി നാല് തലങ്ങളിലായി വിവിധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള മന്ത്രിതല സമിതിയും, ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സംസ്ഥാനതല ഉദ്യോഗസ്ഥ സമിതിയും അതാത് ജില്ലകളിൽ ജില്ലാ കളക്ടറും വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ജില്ലാതല സമിതികളും തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ജനജാഗ്രതാ സമിതികളുമാണ് രൂപീകരിച്ചിട്ടുള്ളത്. (സ.ഉ. (കൈ) നം. 12/2024/വനം തീയതി 07/03/2024). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നയിടങ്ങളിൽ RRT സംഘം എത്തിച്ചേരുന്നതിന് മുൻപ് തന്നെ ചിട്ടയായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ അടിയന്തരമായി തുടക്കം കുറിക്കുവാൻ തദ്ദേശവാസികളിൽ നിന്നും സന്നദ്ധരായവരെ ഉൾപ്പെടുത്തി Primary Response Team(PRT) കൾ രൂപീകരിച്ചിട്ടുണ്ട്. PRT യിലെ അംഗങ്ങൾ തദ്ദേശീയരായതിനാൽ സ്ഥലത്തെ ഭൂപ്രകൃതി, തടസ്സങ്ങൾ, പകരസാധ്യതകൾ (Alternatives), സാമൂഹിക സ്ഥിതി തുടങ്ങിയവയെക്കുറിച്ചുള്ള അവരുടെ അറിവും പരിചയവും സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കും. നാളിതുവരെ വിവിധ പഞ്ചായത്തുകളിലായി 327 PRT കൾ രൂപീകരിച്ചിട്ടുണ്ട്.<br>ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി 28/05/2025 ലെ സ.ഉ. (കൈ) നം. 17/2025/വനം പ്രകാരം 28/05/2025 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടിപന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെ ഓണററി വൈൽഡ്‌ലൈഫ് വാർഡന്മാരായും |

സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശ പ്രകാരം 2025 സെപ്റ്റംബർ 16 മുതൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ അനുഭവപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹെൽപ്-ഡെസ്കുകൾ സ്ഥാപിച്ച് പ്രദേശവാസികളിൽ നിന്നും വനം-വന്യജീവി സംബന്ധിയായ പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായി മനുഷ്യ-വന്യജിവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. തീവ്രയജ്ഞ പരിപാടിയുടെ ഒന്നാം ഘട്ടത്തിൽ ലഭിച്ച പരാതികളിൽ റെയിഞ്ച്, ഡിവിഷൻ തലങ്ങളിൽ പരിഹരിക്കാവുന്നവ പരിഹരിച്ചിട്ടുള്ളതും ജില്ലാ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട പരാതികൾ അതാത് ജില്ലാസമിതികളിൽ അവതരിപ്പിക്കുകയും സംസ്ഥാനതലത്തിൽ പരിഹരിക്കേണ്ടവ ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ തുടർച്ചയായി സംഘർഷ ബാധിത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വനം വകുപ്പുമായി ബന്ധപ്പെട്ട പരാതികളും ആവലാതികളും വേഗത്തിൽ പരിഹരിക്കുന്നതിനും, പൊതുജനങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും, നഷ്ടപരിഹാര വിതരണം സംബന്ധിച്ച അപേക്ഷകൾ സമർപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും മറ്റുമായി അനുയോജ്യരായ വനം വകുപ്പ് ഉദ്യോഗസ്ഥരെ ഫോറസ്റ്റ് ലെയ്സൺ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

മിഷൻ സോളാർ ഫെൻസിംഗിന്റെ ഭാഗമായി വനാതിർത്തി പ്രദേശങ്ങളിൽ നിർമ്മിച്ചിട്ടുള്ള സൗരോർജ്ജ വേലികളുടെ പരിപാലനത്തിനും വേലിയിൽ വള്ളികൾ പടർന്നു പിടിക്കാതെ അടിക്കാടുകൾ നീക്കം ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയും അടിക്കാടുകൾ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധയിടങ്ങളിൽ നടന്നു വരുന്നു. വനത്തിലൂടെ കടന്നുപോകുന്ന റോഡുകളിൽ വന്യജീവികളുടെ സാന്നിദ്ധ്യം ദൂരെനിന്ന് കാണുന്നതിനും ജാഗ്രത പുലർത്തുന്നതിനുമായി

| | | | |
|---|---|---|---|
| | | | അത്തരം റോഡുകൾക്ക് ഇരുവശത്തുമുള്ള അടിക്കാടുകൾ നീക്കം ചെയ്യുന്നതിനും, വിസ്ത ക്ലിയറൻസ് നടത്തുന്നതിനും, പഞ്ചായത്തുമായി സഹകരിച്ച് തൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെട്ടുത്തി വിവിധയിടങ്ങളിൽ പ്രവൃത്തികൾ ചെയ്തുവരുന്നു. അതുപോലെ വനത്തോട് ചേർന്ന് വന്യജീവികൾക്ക് ഒളിയിടങ്ങളായി വർത്തിക്കുന്ന എസ്റ്റേറ്റുകൾ, കൃഷിയിടങ്ങൾ, പൊതു സ്ഥലങ്ങൾ, പുറമ്പോക്കുകൾ എന്നിവിടങ്ങളിലെ അടിക്കാടുകൾ നീക്കം ചെയ്ത് വന്യജീവികളുടെസാന്നിദ്ധ്യം ഒഴിവാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടുത്തി വിവിധയിടങ്ങളിൽ പ്രവൃത്തികൾ ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ